**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1983** **16-03-2022 - ൽ മറുപടിയ്ക്ക്**

**പി.എസ്.സി. യുടെ പരീക്ഷാ സമ്പ്രദായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | null<br>(മുഖ്യമന്ത്രി) | |
| (എ) | പി.എസ്.സി. യുടെ പരീക്ഷാ സമ്പ്രദായവും റാങ്ക് ലിസ്റ്റുകൾ തയ്യാറാക്കുന്ന നിലവിലുള്ള രീതിയും പരിഷ്കരിക്കുന്നതിന് സ്വീകരിച്ച നടപടികൾ ഏത് ഘട്ടത്തിലാണ്; | (എ) | കേരള പബ്ലിക് സർവീസ് കമ്മീഷൻ വിവിധ തസ്തികകളിലേക്കുള്ള തെരഞ്ഞെടുപ്പിന്റെ ഭാഗമായി നടത്തുന്ന പരീക്ഷകളിൽ പങ്കെടുക്കുന്ന ഉദ്യോഗാർത്ഥികൾ പരീക്ഷ എഴുതുമെന്നുള്ള കൺഫർമേഷൻ നൽകണമെന്നുള്ള പരിഷ്കാരത്തിലൂടെ പരീക്ഷാ കേന്ദ്രങ്ങൾ കൂടുതൽ കാര്യക്ഷമമായി തയ്യാറാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഉദ്യോഗാർത്ഥികൾക്ക് പരീക്ഷ എഴുതുന്നതിനുള്ള ഹാൾടിക്കറ്റ് പരീക്ഷാ തീയതിക്ക് 15 ദിവസം മുൻപ് അവരവരുടെ പ്രൊഫൈലിൽ അയച്ചുനൽകുന്നുണ്ട്. 2021 സെപ്റ്റംബർ മുതലുള്ള പരീക്ഷകൾക്ക് ഹാജരാകുന്ന ഉദ്യോഗാർത്ഥികളുടെ വിവരങ്ങൾ ഓൺലൈനായി പരീക്ഷാ സമയത്ത് തന്നെ പരീക്ഷാ കേന്ദ്രങ്ങളിൽ നിന്ന് പി.എസ്.സി യുടെ ആസ്ഥാന ഓഫീസിൽ ലഭിക്കുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. വിവിധ തസ്തികകളിലേക്കുള്ള തെരഞ്ഞെടുപ്പിനായി ചുരുക്ക/സാധ്യതാ/റാങ്ക് പട്ടികകൾ തയ്യാറാക്കുന്നതിലേക്കായി e-result-proഎന്ന പി.എസ്.സി യിൽ തന്നെ രൂപം നല്കിയ സോഫ്റ്റ് വെയർ ഉപയോഗിച്ചുവരുന്നു. സംവരണേതര വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് 10% സംവരണം ഏർപ്പെടുത്തിയിട്ടുള്ളതിനാൽ പ്രസ്തുത സോഫ്റ്റ് വെയറിൽ ആവശ്യമായ പരിഷ്കരണങ്ങൾ വരുത്തിയിട്ടുണ്ട്. |
| (ബി) | എല്ലാ സർക്കാർ ഡിപ്പാർട്ട്മെന്റിലും നിലവിലുള്ള തസ്തികകളും തസ്തികകളിലുള്ള ജീവനക്കാരുടെ സൂപ്പർ ആന്വേഷൻ തീയതിയും ഓൺലൈനായി അറിയാൻ കഴിയുന്ന സുതാര്യമായ സംവിധാനം ഏർപ്പെടുത്തുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഇല്ല |
| (സി) | റാങ്ക് ലിസ്റ്റിലുള്ളവർക്ക് നിശ്ചയിച്ചിട്ടുള്ള | (സി) | ഇപ്പോൾ പരിഗണനയിലില്ല. |

| | | | |
|---|---|---|---|
| | കാലാവധിക്കുള്ളിൽ തങ്ങൾക്ക് നിയമനത്തിന് സാധ്യതയുണ്ടോ എന്ന് പരിശോധിക്കാൻ കഴിയുന്ന ഈ സംവിധാനം സർക്കാരിന്റെ എല്ലാ ഡിപ്പാർട്ട്മെന്റിലും നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ